**നം. കെഎസ്എ കെടിഎം പി7-1958/19** **തീയതി. 29.01.2020**

**കോട്ടയം ജില്ലയിലെ കടനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

**കോട്ടയം** ജില്ലയിലെ **കടനാട് ഗ്രാമ** പഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2018 മുതൽ 30.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 21-12-2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു സി ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.12.2019- 21.12.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സജി. പി. ആർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ ബാബുരാജ് കെ. ബി, ഓഡിറ്റർ (ഹ.ഗ്രേഡ് )<br>ശ്രീ ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ ജോസഫ് ബനഡിക്ട് | 01.04.2018-09.10.2018 |
| | ശ്രീമതി ടീസമ്മ തോമസ് (പ്രസിഡൻറ് ഇൻ ചാർജ്) | 10.10.2018- 06.11.2018 |

| | | |
|---|---|---|
| | ശ്രീ ജെയ്സൺ ജോർജ് | 07.11.2018- 31.03.2019 |
| സെക്രട്ടറി | ശ്രീ കെ.എം. ഫ്രാൻസിസ് | 01.04.2018-10.04.2018 |
| | ശ്രീമതി ഷീജാമോൾ കെ (സെക്രട്ടറി ഇൻ ചാർജ് ) | 11.04.2018-26.04.2018 |
| | ശ്രീ രാജീവ്. എസ് | 27.04.2018-25.06.2018 |
| | ശ്രീ. സജിത് മാത്യൂസ് | 26.06.2018-31.03.2019 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. വിന്നിമോൾ | 01.04.2018-04.12.2018 |
| | ഡോ സുനിൽ വി.ബി | 05.12.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീ പരിദ്ദുദ്ദീൻ വൈ.എം | 01.04.2018-02.09.2018 |
| | അജ്മൽ പി.എം | 03.09.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. യശോധരൻ ഗോപാലൻ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വാദം | ഡോ അന്ന ജോർജ് | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീതാംബിക എ.എൻ | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ഗ്രീഷ്മ ജി | 01.04.2018-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ലിബീഷ് മാത്യു | 01.04.2018- 31.03.19 |
| എച്ച്.എം, ഗവ. എൽ.പി.സ്കൂൾ, കടനാട് | ശ്രീമതി സുജാത വി.ബി | 01.04.2018-31.03.19 |
| വി.ഇ.ഒ | ശ്രീ സുനിത് ഗോപാലകൃഷ്ണൻ | 01.04.2018-31.03.2019 |
| | ശ്രീ സുധീപ് റ്റി.ജി | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷീജാമോൾ കെ | 01.04.2018-31.03.19 |

**ഉള്ളടക്കം**

| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ആഭ്യന്തര നിയന്ത്രണം | 1-4 |
| 5 | ക്യാഷ് വേരിഫിക്കേഷൻ | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷിക കണക്കുകളുടെ അവലോകനം | 1-7 |
| 8 | രസീത് ബുക്കുകളുടെ ഉപയോഗം ക്രമപ്രകാരമല്ല | 1-8 |
| 9 | ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് – അക്കൗണ്ടിങ്ങിൽ കൃത്യതയില്ല | 1-9 |
| 10 | സാന്ത്വനപരിചരണ പ്രവർത്തനങ്ങൾ- സംഭാവനതുക വിനിയോഗിച്ചില്ല | 1-10 |
| 11 | ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 1-11 |
| 12 | ജീവനക്കാരുടെ/ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല/ ഈടാക്കിയില്ല | 1-12 |
| 13 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് – അപാകതകൾ | 1-13 |
| 14 | കെട്ടിടനിർമ്മാണ ക്രമവൽക്കരണം – തുടർനടപടികളിൽ വ്യക്തതയില്ല | 1-14 |
| 15 | നിർമ്മാണ പെർമിറ്റില്ലാതെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണം – അർഹമായ ഫീസ് ഈടാക്കുന്നില്ല | 1-15 |
| 16 | മാവ് മരം ലേലം – മുഴവൻ ലേലതുകയും അടവാക്കിയില്ല | 1-16 |
| 17 | തുരുത്ത് കുടിവെള്ളപദ്ധതിക്ക് മോട്ടറും പൈപ്പ് ലൈനും- പൈപ്പ് ലൈൻ സ്ഥാപിക്കാതെ തുക നൽകി | 1-17 |
| 18 | കരാറുകാരൻ ക്വോട്ടു ചെയ്തതിലും അധികം തുക അനുവദിച്ചു- 6107 രൂപയുടെ അധികചെലവ് | 1-18 |

| | | |
|---|---|---|
| 19 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലി വീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-19 |
| 20 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല | 1-20 |
| 21 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല | 1-21 |
| 22 | വാളികുളം കോളനി കുടിവെള്ള പദ്ധതി – പൂർത്തിയാക്കിയിട്ടില്ല | 1-22 |
| 23 | കൊല്ലപ്പള്ളി ടൗണിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം – ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-23 |
| 24 | മാലിന്യം നിക്ഷേപിക്കുന്നത് നിരീക്ഷിക്കുന്നതിനായി വിവിധ വാർഡുകളിൽ ക്യാമറ സ്ഥാപിക്കൽ- പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു | 1-24 |
| 25 | വിവിധ കോളനികളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിയ്ക്കൽ- പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 26 | തെരുവ് വിളക്ക് സംരക്ഷണം – പുതിയ തെരുവ് വിളക്കുകൾ പൂർണ്ണമായും സ്ഥാപിച്ചതിന്റെ വിവരം ലഭ്യമായില്ല | 1-26 |
| 27 | സോളാർ തെരുവ് വിളക്കുകൾ – കരാർ വ്യവസ്ഥ പാലിച്ചിട്ടില്ല | 1-27 |
| 28 | വിവിധ നിക്ഷേപപ്രവൃത്തികൾ – പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | ആശ്രയപദ്ധതി – ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിനായി കൈമാറിയ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല | 1-29 |
| 30 | ലൈഫ് ഭവനപദ്ധതി- അവലോകനം | 1-30 |
| 31 | അഗതിരഹിത കേരളം – പദ്ധതി | 1-31 |
| | –ഭാഗം 2<br>**വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 1 | ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല | 2-1 |
| | ഭാഗം 3<br>**ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 1 | തുരുത്ത് കുടിവെള്ള പദ്ധതിക്ക് മോട്ടറും പൈപ്പ് ലൈനും – പൈപ്പ് | 3-1 |

| | | |
|---|---|---|
| | ലൈൻ സ്ഥാപിക്കാതെ തുക നൽകി – 29500 രൂപയുടെ നഷ്ടം | |
| 2 | കരാറുകാരൻ ക്വോട്ടു ചെയ്തതിലും അധികം തുക അനുവദിച്ചു- 6107 രൂപയുടെ അധികചെലവ് | 3-2 |
| | **ഭാഗം 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് 31.03.2019 തീയതിയിൽ | |
| അനുബന്ധം3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| അനുബന്ധം4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 22.03.2018 ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 29.01.2019ലെ 4(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർഥ വരവുചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 7174903 | 7399195 |
| വരവ് | 155871610 | 71009415 |
| ആകെ | 163046513 | 78408610 |
| ചെലവ് | 159447543 | 61867901 |
| നീക്കിയിരിപ്പ് | 3598970 | 16540709 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14049000 | 14049000 | 14049000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2018000 | 2018000 | 1972034 | 45966 | 97.72 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 362000 | 362000 | 362000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5066000 | 5066000 | 3864677 | 1201323 | 76.28 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2885000 | 2885000 | 2763282 | 121718 | 95.78 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 6520000 | 6520000 | 6520000 | 0 | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 1531553 | 7969154 | 9500707 | 2586710 | 6913997 | 27.22 |

| | | | | | | |
|---|---|---|---|---|---|---|
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 1877 | 18483650 | 18485527 | 18484376 | 1151 | 99.9 |
| ബി ഫണ്ട് | 0 | 25000 | 25000 | 25000 | 0 | 100 |
| തനത് ഫണ്ട് | * | 5794085 | - | 7429129 | * | |

* തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ടായി പരിഗണിക്കാൻ പറ്റാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ മുന്നിരിപ്പ് നീക്കിയിരിപ്പ് എന്നിവ നിർണ്ണയിച്ചിട്ടില്ല.

**ബി) ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36600 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 4382400 | 155 |
| വിധവാപെൻഷൻ | 5410200 | 465 |
| വാർദ്ധക്യകാലപെൻഷൻ | 19962300 | 1691 |
| വികലാംഗപെൻഷൻ | 2920800 | 241 |
| അവിവാഹിത പെൻഷൻ | 591800 | 175 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

**സി) തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17994795 | 17994795 | 17994795 | 0 |
| കാഷ് | 1877 | 488855 | 490732 | 489581 | 1151 |
| ആകെ | 1851 | 18483650 | 18485527 | 18484376 | 1151 |

## 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 230 | 62019794 | 185 | 46383353 | 45 | 80.43 |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 01.03.2019 ലെ ഉത്തരവ് നം.490/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. 32 സ്പിൽഓവർ

പ്രോജക്റ്റുകളും 198 പുതിയ പ്രോജക്റ്റുകളും ഉൾപ്പെടെ ആകെ 230 പ്രോജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. വിവിധ സ്രോതസ്സുകളിൽ നിന്നായി ആകെ 62019794 രൂപ വകയിരുത്തിയതിൽ 185 പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി എല്ലാ സ്രോതസ്സുകളിൽ നിന്നുമായി 46383353 രൂപ ചെലവഴിച്ചു.

പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 11.2.18 മുതൽ 25.2.18 വരെ |
| ഭിന്നശേഷിക്കാരുടെ ഗ്രാമസഭ | 28.2.18 |
| ഊരുക്കൂട്ട യോഗം | 28.2.18 |
| വികസനസെമിനാർ | 7.3.18 |
| വർക്കിംഗ് ഗ്രൂപ്പുകൾ | 27.1.18, 3.3.18 |
| ആസൂത്രണ സമിതി യോഗം | 1.3.2018 |

**സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം**

പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സമയോചിതമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധികാരപരിധിയിൽപ്പെട്ട വിഷയമേഖലകളിൽ നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണവും തുടർനിരീക്ഷണവും ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റി തലത്തിൽ നടത്തപ്പെടേണ്ടതാണ്.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല**

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ 27.1.18, 3.3.18 എന്നീ രണ്ട് പ്രാവശ്യം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്റ്റുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്റ്റുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത | ആകെ | നടപ്പാക്കിയ | ആകെ |
|---|---|---|---|---|

| | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | പ്രോജക്ടുകളുടെ എണ്ണം | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1457320 | 7 | 1456536 |
| വെറ്ററിനറി സർജൻ | 6 | 2424000 | 6 | 2376000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 3 | 800000 | 3 | 765938 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 366875 | 3 | 366875 |
| വി.ഇ.ഒ | 9 | 21401720 | 7 | 17259291 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 3182875 | 6 | 2923367 |
| സെക്രട്ടറി | 31 | 6839058 | 27 | 4101479 |
| എച്ച്.എം | 5 | 588800 | 5 | 564505 |
| അസിസ്റ്റന്റ് എൻജിനീയർ | 150 | 23639806 | 112 | 15371928 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 850000 | 1 | 750000 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 469340 | 8 | 447434 |
| ആകെ | 230 | 62019794 | 185 | 46383353 |

തൻവർഷം റോഡ് ആസ്തികളുടെ സംരക്ഷണ പ്രവൃത്തികൾക്കായി ലഭ്യമായിരുന്ന തുകയിൽ 1203323/- രൂപയും റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി ലഭിച്ചിരുന്ന തുകയിൽ 121718/- രൂപയും വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടപ്പെട്ടു. ഇത്തരം അപരിഹാര്യമായ നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-4 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നില്ല.
2. മാനുവൽ രസീത് ബുക്കുകളുടെ ഉപയോഗത്തിൽ ശ്രദ്ധ പുലർത്തുന്നില്ല.
3. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റുകൾ യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്നില്ല.

4. ബി ഫണ്ട് വിനിമയങ്ങൾ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല
5. സ്റ്റോക്ക്/സ്റ്റോർ എന്നിവയുടെ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

**കടനാട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2019 തീയതിയിൽ 3.19 പി.എം.-ന് പഞ്ചായത്ത് സെക്രട്ടറി ശ്രീ. മനോജ്.കെയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 40661/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.12.2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2006 | 2005-06 വരെ | No LBA(HQ)8A/1000/415/ dtd.21.07.2006 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബി ഫണ്ട് വിനിമയം രേഖപ്പെടുത്തുന്നതിന് എ.സി.ആർ.സൂക്ഷിച്ചിട്ടില്ല.
2. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ 1,50,000 രൂപയുടെ വിനിമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
3. കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപമായി ബി7 പട്ടികയിൽ ചേർത്തിട്ടുള്ള 48,300 രൂപയിൽ 15-16 മുതലുള്ള മുന്നിരിപ്പുള്ള 46,300 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
4. കരാറുകാരുടെ റീട്ടെൻഷൻ ഇനത്തിൽ 15-16ലെ മുന്നിരിപ്പായി രജിസ്റ്ററിൽ ചേർത്തിട്ടുള്ള 11,654 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
5. കരാറുകാരുടെ EMD ഇനത്തിൽ ബാക്കി നിൽക്കുന്ന 6,59,508 രൂപയിൽ 6,37,483 രൂപ 2010-11ലെ നീക്കിയിരിപ്പാണ്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
6. ബിഡ്ഡേഴ്സ് സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ നീക്കിയിരിപ്പുള്ള 5,530 രൂപയിൽ 4,030 രൂപ 2013-14 വരെയുള്ള നിക്ഷേപങ്ങളാണ്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
7. B-18 ഷെഡ്യൂളിൽ അഡ്വാൻസ് റ്റു അദേഴ്സ് ആയി 5,44,687 രൂപ ചേർത്തിട്ടുണ്ടെങ്കിലും രജിസ്റ്റർ പ്രകാരമുള്ള തുക 5,53,187 രൂപയാണ്.
8. എസ്.ബി.ഐ. ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം 73,940 രൂപ നീക്കിയിരിപ്പുണ്ടെങ്കിലും 20,362 രൂപ മാത്രമാണ് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുള്ളത്.

52,929 രൂപ ക്രെഡിറ്റിൽ വരാത്ത ചെക്കുകൾ എന്നാണ് പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുള്ളത് (31.3.18 മുതൽ 28.11.18 വരെ ടി അക്കൗണ്ടിൽ അടച്ച തുകകളാണ് ഇത്). ഇത് സംബന്ധിച്ച് നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

9. I-18 പത്രികയിൽ അഡ്ജസ്റ്റ്മെന്റിലൂടെ ഡിമാന്റ് തുകകൾ പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും വസ്തുനികുതിയുടെ ഡി.സി.ബി. സഞ്ചയയുമായി പൊരുത്തപ്പെടുത്തപ്പെടുന്നില്ല.
10. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
11. പെർമിറ്റ് രജിസ്റ്റർ ക്ലോസ് ചെയ്തിട്ടില്ല. ആയതിനാൽ ടിയിനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല.
12. ഇ.എം.എസ് ഭവന നിർമ്മാണം - പദ്ധതി ക്ലോസ് ചെയ്തെങ്കിലും B-5 ഷെഡ്യൂൾ പ്രകാരം 174973 രൂപ നീക്കിയിരിപ്പ് കാണുന്നു.

## 1-8 രസീത് ബുക്കുകളുടെ ഉപയോഗം ക്രമപ്രകാരമല്ല

1) ബുക്ക് നം. 19567, 20.06.2018 തീയതിയിൽ ശ്രീ. അനിൽകുമാർ. എം. ആർ, ക്ലർക്കിന് ക്യാമ്പ് കളക്ഷൻ ആവശ്യത്തിനായി അനുവദിച്ച് നൽകിയിരുന്നു. സഞ്ചയ സോഫ്റ്റ്വേറിൽ രേഖപ്പെടുത്തൽ വരുത്തി ഒരാൾക്ക് അനുവദിച്ച് നൽകിയ രസീത് ബുക്ക് മറ്റൊരാൾക്ക് അനുവദിച്ച് നൽകാൻ സാധിക്കയില്ലെന്ന സാങ്കേതികത്വം നിലനിൽക്കെ, 01 മുതൽ 100 വരെയുള്ള ലീഫുകൾ ഉപയോഗശൂന്യമായിപ്പോയ അവസ്ഥയുണ്ടായിരിക്കുന്നു. ഇത്രയും സ്റ്റേഷനറി നഷ്ടമാവുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

2) ബുക്ക് നം. 59150, 26.10.2019 തീയതിയിൽ ശ്രീമതി. മഞ്ജു ആനി ഫ്രാൻസിസ്, ക്ലർക്കിന് ക്യാമ്പ് കളക്ഷൻ ആവശ്യത്തിനായി അനുവദിച്ച് നൽകിയിരുന്നു. ടി രസീത് ബുക്കിലെ 58 ലീഫുകൾ ഉപയോഗിച്ച്, 42 ലീഫുകൾ ഉപയോഗിക്കാതെ ശേഷിക്കവെ, 29.10.2019 തീയതിയിൽ 59151 നം. പുതിയ രസീത് ബുക്ക് ടിയാൾക്ക് അനുവദിച്ച് നൽകി.

ക്യാമ്പ് കളക്ഷൻ ഡ്യൂട്ടി ഉദ്യോഗസ്ഥർക്ക് മുൻകൂട്ടി നിശ്ചയിച്ച് നൽകപ്പെടുന്നതായിട്ടും, വ്യക്തമായ ആസൂത്രണമില്ലാതെ ഇപ്രകാരം രസീത് ബുക്കുകൾ അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [15/19.12.2019], രസീത് ബുക്കുകൾ ക്യാമ്പ് കളക്ഷൻ ആവശ്യത്തിനായി അനുവദിച്ച് നൽകുകയും എന്നാൽ ടി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിഞ്ഞില്ലെന്നും, ആയവ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭിച്ചിട്ടുണ്ട്. രസീത് ബുക്കുകൾ [പ്രത്യേകിച്ച് ക്യാമ്പ് കളക്ഷൻ ആവശ്യങ്ങൾക്കായി] അനുവദിച്ച് നൽകുമ്പോൾ, ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി മുൻകൂട്ടി നിശ്ചയിച്ച് നൽകപ്പെടുമ്പോൾ മുതൽ തന്നെ വ്യക്തമായ ആസൂത്രണവും പ്രത്യേക ശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. പിഴവുകൾ ആവർത്തിക്കാതിരിക്കുവാൻ സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ കർശനമായ മേൽപരിശോധന ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-9 ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് - അക്കൗണ്ടിങ്ങിൽ കൃത്യതയില്ല

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമ പഞ്ചായത്തിൽ സ്വീകരിക്കുന്ന, ചെക്ക്/ ഡിമാന്റ് ഡ്രാഫ്റ്റ് മുതലായവ അതത് തീയതികളിൽ സാംഖ്യയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ അക്കൗണ്ട്

ചെയ്യപ്പെടുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട രേഖപ്പെടുത്തലുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക്/ ഡിമാന്റ് ഡ്രാഫ്റ്റ് നം. / തീയതി | ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം സ്വീകരിച്ച തീയതി | രസീത് നം. / തീയതി | രസീത് വിവരം |
|---|---|---|---|---|
| 1. | ഡിമാന്റ് ഡ്രാഫ്റ്റ് നം. 054253/02.08.2018 | 29.08.2018 | 118020400004/23.08.2019 | തൊഴിൽ നികുതി - എസ്.ബി.ഐ, പിഴക് |
| 2. | ചെക്ക് നം. 6466127/21.02.2019 | 20.02.2019 | 118020103255/ 21.02.2019 | തൊഴിൽ നികുതി - എച്ച്.എം, ഗവ. എൽ.പി.എസ്, ഐങ്കൊമ്പ് |
| 3. | ചെക്ക് നം. 8164044/23.02.2019 | 20.02.2019 | 118020200003/21.02.2019 | തൊഴിൽ നികുതി - എച്ച്.എം, സെന്റ്. ജോസഫ് യു.പി.എസ്, നീലൂർ |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [14/19.12.2019], ടി തുകകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തപ്പോൾ സംഭവിച്ച അപാകതയാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ അക്കൗണ്ടിങ്ങിൽ ഇപ്രകാരമുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ഫ്രണ്ട് ഓഫീസ് ക്ലർക്ക്, അക്കൗണ്ടന്റ് ഉൾപ്പെടെയുള്ളവരുടെ പ്രത്യേക ശ്രദ്ധയും ആവശ്യമായ മേൽപരിശോധനയും ഉണ്ടാകേണ്ടതാണ്.

### 1-10 സാന്ത്വനപരിചരണ പ്രവർത്തനങ്ങൾ - സംഭാവനതുക വിനിയോഗിച്ചില്ല

ശ്രീ. അലക്സ് അഗസ്റ്റിൻ, ചോക്കാട്ട് എന്നയാളിൽ നിന്നും, 08.07.2019 തീയതയിലെ 119020100738 നം. രസീത് പ്രകാരം 1,00,000/- രൂപ [ഒരു ലക്ഷം രൂപ മാത്രം] ഗ്രാമപഞ്ചായത്തിലെ സാന്ത്വനപരിചരണ പ്രവർത്തനങ്ങൾക്കായി സംഭാവനയിനത്തിൽ

സ്വീകരിച്ചിട്ടുണ്ട്. ടി തുക, Licence No. A3-92/19-20, remittance of CSR [Corporate Social Responsibility] Fund for palliative care എന്ന കുറിപ്പോടുകൂടി 311100101 - other receipts എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുള്ളതും, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലുള്ള, കടനാട് സർവീസ് കോപ്പറേറ്റീവ് ബാങ്കിന്റെ കടനാട് ശാഖയിലെ 2133/ K നം. ഗ്രാമ പഞ്ചായത്ത് ദുരിതാശ്വാസ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്.

തദ്ദേശസ്വയംഭരണ [ഡി.എ] വകുപ്പിന്റെ 29.10.2015 ലെ 3217/2015/ത.സ്വ.ഭ.വ നം. ഉത്തരവിലെ, ഖ. 2.7.2, 2.7.4 പ്രകാരം, മനുഷ്യസ്നേഹികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വിദേശ മലയാളികൾ മുതലായവരിൽ നിന്നും സംഭാവനയിനത്തിൽ സമാഹരിക്കുന്ന ഫണ്ടിന്റെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും വേണ്ടി തദ്ദേശഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രിയിലെ എച്ച്.എം.സിക്ക് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും, ബന്ധപ്പെട്ട പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വിവിധ ആവശ്യങ്ങൾക്ക് എച്ച്.എം.സി യുടെ കൺവീനർ പണം വിനിയോഗിക്കുകയും തുടർന്ന് എച്ച്.എം.സി യോഗത്തിൽ വിഷയം അവതരിപ്പിച്ച് സാധൂകരണം വാങ്ങുകയും ചെയ്യുകയെന്ന രീതി അവലംബിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു. ടി തുക നാളിതുവരെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നിലനിൽക്കെ, ടി സംഭാവന തുക ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കാനും, നാളിതുവരെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്രദമാകേണ്ടിയിരുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാതിരുന്ന സാഹചര്യം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [13/19.12.2019], സർക്കാർ ഉത്തരവിലെ നിർദേശപ്രകാരം തദ്ദേശഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രിയിലെ എച്ച്.എം.സിക്ക് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും, തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അർഹിക്കുന്ന പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപം, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ള 15 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ധാരാളം ആരാധനാലയങ്ങളുള്ള ഗ്രാമപഞ്ചായത്തിൽ സെന്റ് ജോൺസ് ചർച്ച്, കടനാടിന് മാത്രമാണ് അസംബ്ലി ഹാൾ/ ആഡിറ്റോറിയം വിഭാഗത്തിൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുള്ളതായി കാണുന്നത്. ഇക്കാര്യത്തിൽ തുടർപരിശോധന നടത്തി നികുതിക്ക് വിധേയമാക്കേണ്ട കെട്ടിടങ്ങൾ ഒഴിവായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും നികുതി ചോർച്ച ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) മദർ സുപ്പീരിയർ, അഡോറേഷൻ കോൺവെന്റിന്റെ ഉടമസ്ഥതയിലുള്ള XI/32 (308 ച.മീ), XI/33 (124 ച.മീ)കെട്ടിടം (159 ച.മീ) ആരാധനാലയങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നു.

3) വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കലുമായി ബന്ധപ്പെട്ട പരിശോധനയിൽ കെട്ടിടങ്ങൾ അവയുടെ ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജി. ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | നിലവിലെ ഉപയോഗ ക്രമം | നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗ ക്രമം |
|---|---|---|---|---|
| 8 | 12/4 | വി.എം. ഫ്രാൻസിസ്, വഞ്ചിക്കച്ചാലിൽ | കോഴിയിറച്ചി വില്പന | കോഴിവളർത്തൽ ഷെഡ് |
| 10 | 3/319 | നീലൂർ റബ്ബർ പ്രൊഡ്യൂസർ കമ്പനി | കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനവും വില്പനയും | ഓഡിറ്റോറിയം |
| 12 | 5/322 | കുഴിഞ്ഞാലിൽ ഗ്രാനൈറ്റ്സ് | മെറ്റൽ ക്രഷർ | കൈത്തൊഴിൽ ഷെഡ് |
| 120 | 10/435 | ഡോ.കൃഷ്ണപ്രീത, കൃഷ്ണാഞ്ജലി | ആയുർവേദ ഔഷധ നിർമ്മാണം | ആശുപത്രി |
| 215 | 10/233 | ബിജി സോണി, ഏറത്ത് | കറി പൗഡർ, അരി പൗഡർ, സ്പൈസസ് പൗഡർ നിർമ്മാണം | 100 ച.മീ താഴെയുള്ള വാണിജ്യ കെട്ടിടം |

അപാകതകളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

4) ചുവടെ ചേർത്തിട്ടുള്ള നമ്പറുകളുള്ള കെട്ടിടങ്ങളെ മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്.

3/148 ബി, 6/316, 8/438, 8/439, 8/440, 8/442, 8/443, 8/444, 8/445, 10/92എ, 10/233എ, 10/372എ, 10/386 എ, 11/208, 12/293. ടി കെട്ടിടങ്ങളെ മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഗണത്തിൽ ഉൾപ്പെടുത്തുന്നതിന് ആധാരമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കിയില്ല. ആധാരമായ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും ലഭ്യമല്ലെങ്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി

വിവരമറിയിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾ ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലാണോ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് എന്നത് സംബന്ധിച്ച് വാർഡ് തലത്തിൽ സമഗ്രമായ പരിശോധനയ്ക്ക് ശുപാർശ ചെയ്യുന്നു.

## 1-12 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല

**(എ)** ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങൾ, റേഷൻകടകൾ, കള്ള് ഷാപ്പുകൾ, എന്നിവയെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളെയും റബ്ബറുല്പാദക സഹകരണ സംഘങ്ങളെയും ധനകാര്യസ്ഥാപനങ്ങളെയും (ഉദാ:യൂണിയൻ ഫിനാൻസ്, കുറുമണ്ണ്) അതുപോലെ കരാറുകാർ, പ്രൊഫഷണലുകൾ എന്നിവരെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

**(ബി)** ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ/ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു

| ക്രമ നം | സ്ഥാപനം | തൊഴിൽ നികുതി (ജീവനക്കാർ) അർദ്ധവർഷം | തൊഴിൽ നികുതി (സ്ഥാപനം) അർദ്ധവർഷം |
|---|---|---|---|
| 1 | ബാപ്പുജി പബ്ലിക് സ്കൂൾ, എലിവാലി | 2 | 2 |
| 2 | നിർമ്മല പബ്ലിക് സ്കൂൾ, പിഴക് | - | 2 |
| 3 | അംബികാ വിദ്യാലയം, ഐങ്കൊമ്പ് | 1,2 | 1,2 |
| 4 | പോസ്റ്റ് ഓഫീസ്, കുറുമണ്ണ് | 1 | - |
| 5 | SBI, പിഴക് | 2 | 2 |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് | 2 | 2 |

സി) കടനാട് സർവ്വീസ് സഹകരണ ബാങ്ക്, നീലൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് 4 വീതം ബ്രാഞ്ചുകളുണ്ടെങ്കിലും കടനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ 2 ബ്രാഞ്ച് മാനേജർമാരുടെയും നീലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു സെക്രട്ടറി/മാനേജറുടെ മാത്രം നികുതി ഒടുക്കിയിട്ടുള്ളതായാണ് കാണുന്നത്.

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾ/ വ്യാപാരികൾ, ഉദ്യോഗസ്ഥർ, കരാറുകാർ, പ്രൊഫഷണലുകൾ ഉൾപ്പെടുത്തിയുള്ള തൊഴിൽനികുതി (സ്ഥാപനങ്ങൾ/വ്യാപാരികൾ/വ്യക്തികൾ) രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് മറുപടി

ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

## 1-13 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് -അപാകതകൾ

**(എ)** പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകി

തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണ് എന്ന് കാണുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1 | 28 | 10/39 | ഡി.നരേന്ദ്രൻ,കൊട്ടാരത്തിൽ |
| 2 | 91 | 10/311 | സെബാസ്റ്റ്യൻ പി എ,പുല്ലാട്ട് |
| 3 | 259 | 8/79 | മണി കെ ബി,കൊരട്ടിയിൽ |
| 4 | 313 | 9/265 | തോമസ് മാണി, മഞ്ഞക്കുന്നേൽ |
| 5 | 316 | 14/8 | ഇ.എ.കുര്യാക്കോസ്, ഇടമുളയിൽ |
| 6 | 322 | 6/1 | ജോസ് ടോം, മാളിയേക്കൽ |

ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് വാണിജ്യാവശ്യത്തിനുള്ളവയെന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

**(ബി)** നിലവിലില്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകി

ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമവുമായി ബന്ധപ്പെട്ട പരിശോധനയിൽ ചില കെട്ടിടങ്ങൾ നിലവിലില്ല (Building Not Found) എന്നാണ് "സഞ്ചയ"യിൽ കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1 | 271 | 10/278ബി,സി,ഡി | ജോസ് ജോർജ്, കള്ളികാട്ട് |
| 2 | 308 | 10/240 ഇ, എഫ് | എൽസി റോയി, പടിഞ്ഞാറെയിൽ |

**(സി)** വളരെയധികം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

"സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 780 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 152 |
| 3 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 10 |
| 4 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 111 |
| 5 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 17 |
| 6 | മൈക്രോ സ്മോൾ & മീഡിയം എന്റർപ്രൈസസ് | 16 |
| | **ആകെ** | 1086 |

മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട **1086** കെട്ടിടങ്ങളുണ്ടെങ്കിലും തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് **325** സ്ഥാപനങ്ങളും (പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെ) ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടുള്ളത് **26** സ്ഥാപനങ്ങളും മാത്രമാണ്. ഒന്നിലേറെ കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന ചുരുക്കം സ്ഥാപനങ്ങളുണ്ടാവാമെന്നതും മേൽപ്പറഞ്ഞതിൽ ചുരുക്കം കെട്ടിടങ്ങൾ ഒഴിവായി കിടക്കുന്നുണ്ടാവാമെന്നതും കണക്കിലെടുത്താൽ തന്നെ ഇനിയും ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ട് എന്ന് വ്യക്തമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തന്നെ ഇക്കാര്യം ബോധ്യപ്പെട്ടതായി അംഗീകരിക്കുകയും ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ കടകളുടെയും പൗൾട്രി ഫാമുകളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിനും ലൈസൻസില്ലാത്ത സ്ഥാപനങ്ങളെ കൊണ്ട് നിർബന്ധമായും ലൈസൻസ് എടുപ്പിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചിട്ടുള്ളതുമാണ് എങ്കിലും ഇക്കാര്യത്തിൽ കാര്യമായ പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദീകരണം നൽകേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

## 1-14 കെട്ടിടനിർമ്മാണ ക്രമവൽക്കരണം- തുടർനടപടികളിൽ വ്യക്തതയില്ല

ശ്രീ.റ്റോമി തോമസ്, ശ്രീമതി സോജമ്മ ടോമി, പ്ലാത്തോട്ടം എന്നിവർക്ക് വാർഡ് നം. 9 ൽപെട്ട സ്ഥലത്ത് ഒന്നാം നിലയിൽ 404 ച.മീ കൊമേഴ്സ്യൽ കം റസിഡെൻഷ്യൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് (extension) 702/13 തീയതി 19.9.2013 പ്രകാരം പെർമിറ്റ് നൽകിയിരുന്നു. കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കുന്നതിന് 16.6.2015 ൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനിയർ നടത്തിയ സ്ഥലപരിശോധനയിൽ ഒന്നാം നിലയിലുള്ള കെട്ടിടത്തിന്

മുകളിൽ ഒരുനില കൂടി അനധികൃതമായി നിർമ്മിച്ചതായി കാണുകയും നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ഫയർ&റസ്ക്യൂ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യ പത്രം ആവശ്യമാണെന്ന് റിപ്പോർട്ട് നൽകുകയുമുണ്ടായി. നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് ഒരു സൈറ്റ് പ്ലാൻകൂടി ആവശ്യമാണെന്ന് 25.7.2015 ലും, കൂട്ടതലായി പണിതീർത്ത ഭാഗത്തിന് നമ്പർ ലഭിക്കുന്നതിന് ടി നിരാക്ഷേപ സാക്ഷ്യപത്രം സഹിതം അപേക്ഷിക്കണമെന്ന് 3.8.2015 ലും അപേക്ഷകർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ, ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമല്ല.

ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ ആയതിനെതിരെ സ്വീകരിയ്ക്കേണ്ട തുടർനടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കണമെന്ന് കേ.പ.രാജ് നിയമം സെക്ഷൻ 235 (എഎ) നിഷ്കർഷിക്കുന്നു.2013 ൽ പണി പൂർത്തീകരിക്കപ്പെട്ട ടി കെട്ടിടത്തിന്റെ രണ്ടാം നിലയിലെ നിർമ്മാണം നിയമാനുസൃതമല്ലെങ്കിൽ ഇപ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിന് വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം നൽകേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 നിർമ്മാണ പെർമിറ്റില്ലാതെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണം - അർഹമായ ഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത്, 'കാറ്റഗറി II' വിഭാഗത്തിലുള്ളതാകയാൽ, ചട്ടപ്രകാരം 'വാസഗൃഹം' എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 3/- രൂപയും, 'വാണിജ്യം' എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 5/- രൂപയുമാണ് പെർമിറ്റ് ഫീസായി ഈടാക്കേണ്ടത്. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിലെ നിർദ്ദേശപ്രകാരം, പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കെട്ടിടങ്ങൾക്ക്, പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ക്രമവൽക്കരണ അപേക്ഷകളിന്മേൽ, രാജിയാക്കൽ ഫീസും (പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങ്) പെർമിറ്റ് ഫീസും (ആകെ പെർമിറ്റ് ഫീസിന്റെ മൂന്ന് മടങ്ങ് തുക) ഈടാക്കുന്നതിന് പകരം രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. കെട്ടിട നിർമ്മാണത്തിന് മുമ്പായി ചട്ടപ്രകാരമുള്ള നിർമ്മാണ പെർമിറ്റെടുക്കാതെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ക്രമവൽകരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കെട്ടിടങ്ങളിൽ ചിലവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടഉടമ | തറ വിസ്തീർണ്ണം [$m^2$] | ഉപയോഗ ക്രമം | ഈടാക്കേണ്ടിയിരുന്ന ക്രമവൽക്കരണഫീസ് | ഈടാക്കിയ ക്രമവൽക്കരണ ഫീസ് | ഫീസിലുള്ള കുറവ് |
|---|---|---|---|---|---|---|
| [1] | [2] | [3] | [4] | [5] | [6] | [7] |
| 1. | സിനുമോൻമാത്യു താന്നിയ്ക്കൽ | 451.41 | വാണിജ്യം | 451.41x15=6771.15 | 451.4x10=4515 | 2256.15 |

| | | | | | | |
|---|---|---|---|---|---|---|
| | മേരിലാന്റ് | | | | | |
| 2. | പി.കെ. മാത്യു പ്ലാത്തോട്ടത്തിൽ കടനാട് | 140.5 | വാസഗൃഹം | 140.5x9=1264.50 | 140.5x6=843 ഈടാക്കിയത്-840 | 424.50 |
| 3. | ജോസഫ്.പി.വി പുന്നക്കൽപൂവത്തുങ്കൽ കുറുമണ്ണ് | 163.12 | വാണിജ്യം | 163.12x15=2446.8 | 163.12x10=1632 | 814.80 |
| 4. | അലക്സ് അഗസ്റ്റിൻ ചോക്കാട്ട് | 7.4 | വാണിജ്യം | 7.4x15=111 | 7.4x10=74 | 37 |
| 5. | റോസമ്മ ഫ്രാൻസിസ് ചവറാണിക്കൽ മേരിലാന്റ് | 452.4 | വാണിജ്യം | 452.4x15=6786 | 452.4x10=4524 | 2262 |
| 6. | ഇ.എ. കുര്യൻ എരുമങ്കലത്ത് പിഴക് | 49.14 | വാസഗൃഹം | 49.14x9=442.26 | 49.14x6=295 | 147.26 |
| | **ആകെ തുക** | | | | | **5941.71** |

ഫീസിനത്തിൽ കുറഞ്ഞ തുക ഈടാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [17/19.12.2019], തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന മറുപടി ലഭിച്ചിട്ടുണ്ട്.

2. <u>ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല</u>

സെന്റ് ജോസഫ് ഹൈസ്കൂൾ, മാനത്തൂർ, എന്ന സ്ഥാപനത്തിന്റെ നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് അനുമതിയില്ലാതെ ഒന്നും രണ്ടും നിലകളിലായി നിർമ്മിച്ചിട്ടുള്ള 874.22 ച.മീ വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി മാനേജർ, സെന്റ് ജോസഫ് ഹൈസ്കൂൾ, മാനത്തൂർ 23.5.2018 തീയതിയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ക്രമവൽക്കരണ ഫീസ് ഈടാക്കാതെ നമ്പർ നൽകിയതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/21.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർണ്ണമായും ക്രമവൽക്കരിച്ച് നൽകേണ്ട 'വാസഗൃഹം' എന്ന ഗണത്തിൽപ്പെടാത്ത ടി സ്ഥാപനത്തിൽ നിന്നും 13,113/- രൂപ (874.22 x 15) ഫീസ് ഈടാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിഷയം സംബന്ധിച്ച് 11.11.2015 ൽ ബഹു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ നല്കിയ സ്പഷ്ടീകരണത്തിൽ, ഒരിക്കൽ പെർമിറ്റ് എടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച സംഗതികൾ ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും, പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സങ്കേതം സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ച അപേക്ഷകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും (മൂന്ന് മടങ്ങ് തുക)

ഈടാക്കുന്നതിന് പകരം രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട അർഹമായ തുകയിൽ സോഫ്റ്റ്‌വെയർ ന്യൂനത/പരിമിതി മൂലം കുറവുണ്ടാകുന്നത് ബന്ധപ്പെട്ട ഐ.ടി സാങ്കേതിക വിഭാഗവുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതും, ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിലുണ്ടായ കുറവ്, ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി, രേഖകൾ ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-16 മാവ് മരം ലേലം - മുഴുവൻ ലേലത്തുകയും അടവാക്കിയില്ല

ഗ്രാമപഞ്ചായത്ത് വാർഡ് XI - ൽ സെന്റ് മാത്യൂസ് എൽ. പി സ്കൂളിന് എതിർവശം കടപുഴകി തോട്ടിലേക്ക് വീണകിടന്ന മാവ് മരത്തിന്, സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ 16.10.2018 തീയതിയിലെ എസ്.എഫ്. 02 - 1661 / 2018 നം. കത്ത് പ്രകാരം 19,011/- രൂപയുടെ വാല്യുവേഷൻ ലഭിച്ചിട്ടുണ്ട്. 21.12.2018 തീയതിയിൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ നടന്ന ലേല നടപടികളിൽ ശ്രീ. സുജിത്ത്. വി. എസ്, വി.എസ്.എം ട്രേഡേഴ്സ്, ഐക്കൊമ്പ്, കടനാട്. പി. ഒ എന്നയാൾക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി 19,150/- രൂപയ്ക്ക് ലേലം താത്കാലികമായി സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു. ലേല നടപടികളുടെ ഭാഗമായി ടിയാൾ, രസീത് നം. 118020102641 / 21.12.2018 പ്രകാരം 4500/- രൂപയും, രസീത് നം. 118020102642 / 21.12.2018 പ്രകാരം 500/- രൂപയും ഉൾപ്പെടെ ആകെ 5,000/- രൂപ അടവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 14,150/- രൂപയും ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സിനത്തിൽ 1006/- രൂപയും [വിൽക്കുന്ന വിലയുടെ 5.25 % തുക] അടവാക്കി നടപടികൾ പൂർത്തീകരിക്കണമെന്ന് 25.03.2019 ലെ എ4/ 5206/ 2019 നം. കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ, ടി തുകകൾ അടവാക്കിയതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. ടി വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ നിജസ്ഥിതി സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [16/19.12.2019], ശേഷിക്കുന്ന ലേല തുക അടവാക്കിയില്ലെങ്കിൽ, ടി മരം പുന:ലേലം ചെയ്യുന്നതാണെന്ന് ബന്ധപ്പെട്ട വ്യക്തിക്ക് അറിയിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് നിജസ്ഥിതി പരിശോധിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും, നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 തുരുത്ത് കുടിവെള്ളപദ്ധതിക്ക് മോട്ടറും പൈപ്പ് ലൈനും- പൈപ്പ് ലൈൻ സ്ഥാപിക്കാതെ തുക നൽകി

പ്രോജക്ട് നം. 188/19

അടങ്കൽ- 128500 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്- 128500 രൂപ ( ബിൽ നം. 19/18-19/ 13.6.18 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

കടനാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഒരു കുടിവെള്ള പദ്ധതിയാണ് തുരുത്ത്

കുടിവെള്ളപദ്ധതി. ടി പദ്ധതിക്ക് ഒരു സ്റ്റാന്റ് ബൈ പമ്പ് സെറ്റും 62m നീളത്തിൽ 40mm വ്യാസമുള്ള CPVC പൈപ്പും സ്ഥാപിക്കുന്നതിനുമാണ് പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ശ്രീ. മനോജ് റ്റി ജി തുണ്ടിയിൽ എന്ന കരാറുകാരനാണ്. ടിയാൻ ക്വോട്ട് ചെയ്ത നിരക്ക് താഴെ ചേർക്കുന്നു.

| ഇനം | നിരക്ക് |
|---|---|
| 5HP open well submercible pump | 99000 |
| 40mm dia CPVC 62m | 29500 |

എം ബുക്ക് നം. 68/17-18 പേജ് 1ൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ 6HP പമ്പ് സെറ്റ് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണുന്നു. എസ്റ്റിമേറ്റ് കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി 6 HP പമ്പ് സെറ്റ് സ്ഥാപിച്ച സാഹചര്യം വ്യക്തമല്ല. ഇതിനുള്ള കാരണം/ആവശ്യകത വിശദീകരിച്ചിട്ടില്ല. പേജ് നം 2ൽ മൂല്യനിർണ്ണയം തയ്യാറാക്കിയിരിക്കുന്നതിൽ പമ്പ് സെറ്റ് സ്ഥാപിച്ചതിന് മാത്രം 128500 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. പമ്പ് സെറ്റ് മാത്രം സ്ഥാപിക്കുന്നതിന് അനുവദിക്കാവുന്ന മൂല്യം ടിയാൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം 99000 രൂപയാണ്. അതായത് പൈപ്പ് ലൈൻ സ്ഥാപിക്കാതെ ആയതിനുള്ള മൂല്യം കണക്കാക്കി തുക നൽകിയതായി കാണുന്നു. ആയത് ക്രമപ്രകാരമല്ല. അധികം നൽകിയ തുക 29500 രൂപ (128500- 99000). അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ1-ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ അധികം നൽകിയ തുക 29500 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കാതെ ആയതിനുള്ള മൂല്യം കണക്കാക്കി നൽകിയ 29500 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരനിൽ നിന്നും 29500 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 കരാറുകാരൻ ക്വോട്ട ചെയ്തതിലും അധികം തുക അനുവദിച്ചു- 6107 രൂപയുടെ അധികച്ചെലവ്

പ്രോജക്ട് നം. 74/19 (നീലൂർ നിരപ്പ് അംഗൻവാടി മെയിന്റനൻസ് )

അടങ്കൽ- 225000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ് - 224902 രൂപ (ബിൽ നം. 52/18-19/ 29.12.2018 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ ശ്രീ സാബു കുര്യൻ, മുതിരേന്തിക്കൽ ക്വോട്ട ചെയ്ത തുക 218795 രൂപയാണ്. എന്നാൽ ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ 224924 രൂപ മൂല്യം നിർണ്ണയിച്ച് ടെണ്ടർ വ്യതിയാനം 22 രൂപ (.01%) കുറവ് ചെയ്തതിനുശേഷം 224902 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറുകാരൻ ക്വോട്ട ചെയ്തതിലും 6107 രൂപ (224902-218795) അധികം ചെലവഴിച്ചതിന്റെ സാഹചര്യം ഓഡിറ്റിൽ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അധികം നൽകിയ 6107 രൂപ കരാറുകാരനിൽ നിന്നും തിരികെ

ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരൻ ക്വോട്ടു ചെയ്തതിലും അധികം നൽകിയ 6107 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരനിൽ നിന്നും 6107 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2018-19 വർഷം കടനാട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നം/ പേര് | കാലിവീപ്പകളുടെ വില | തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതി |
|---|---|---|---|
| 1 | 84/19<br>അഴികണ്ണി ആക്കാട് റോഡ് റീ ടാറിംഗ് | 2619 | 09.03.2019 |
| 2 | 192/19<br>അഴികണ്ണി ആക്കാട് റോഡ് റീ ടാറിംഗ് | 1665 | 09.03.2019 |
| 3 | 29/19<br>കൊല്ലപ്പള്ളി തുമ്പിമല റോഡ് റീ ടാറിംഗ് | 4762 | 09.03.2019 |
| 4 | 26/19<br>പിഴക് ഏഴോലി റോഡ് മെയിന്റനൻസ് | 1665 | 09.03.2019 |
| 5 | 55/19<br>പാലസ് പാലക്കുഴ റോഡ് റീ ടാറിംഗ് | 4762 | 20.03.2019 |
| 6 | 67/19<br>പാലസ് കാവുംകണ്ടം റോഡ് മെയിന്റനൻസ് | 713 | 21.03.2019 |
| 7 | 77/19<br>പാലസ് വല്യാത്ത് കിഴക്കേക്കര റോഡ് മെയിന്റനൻസ് | 3810 | 26.03.2019 |
| 8 | 71/19<br>മാനത്തൂർ മുല്ലമറ്റം റോഡ് റീ ടാറിംഗ് | 2380 | 26.03.2019 |

| | | | |
|---|---|---|---|
| 9 | 66/19<br>വാളികുളം കവുംങ്ങുംമറ്റം റോഡ് മെയിന്റനൻസ് | 2619 | 26.03.2019 |
| 10 | 247/19<br>കുറമണ്ണ് കാവുംകണ്ടം അഞ്ചുകണ്ടം കോളനി റോഡ് റീ ടാറിംഗ് | 6190 | 26.03.2019 |
| | ആകെ | 31185 | |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കരാറുകാരുടെ ബില്ലിൽ നിന്നും കാലിവീപ്പകളുടെ വിലയിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 31185 രൂപ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചു. 31185 രൂപ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 കരാർ ചമയ്ക്കാൻ താമസിച്ചു - പിഴ ഈടാക്കിയിട്ടില്ല

കടനാട് ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 108/19 | ശ്രീ റോണി കുര്യാക്കോസ്, പാറപ്ലാക്കൽ, കിഴക്കേമറ്റം | 20.06.18 | 27.07.18 | 399998 | 4000 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 109/19 എലിവാലി സെന്റ് ജോർജ് എൽ.പി.സ്കൂൾ കോമ്പൗണ്ടിൽ ടോയ്‌ലെറ്റ് നിർമ്മാണം | ശ്രീ റോണി കുര്യാക്കോസ്, പാറപ്ലാക്കൽ, കിഴക്കേമറ്റം | 20.06.18 | 27.07.18 | 399998 | 4000 |
| 3 | 77/19 പാലസ്, കിഴക്കേക്കര വല്യാത്ത് റോഡ് അറ്റകുറ്റപ്പണി | | 6.2.19 | 27.2.19 | 300000 | 3000 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 1 ന് മറുപടി ലഭ്യമാക്കിയതിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല

കടനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല.

കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നൽകിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 178/19 പിഴക് ഉപ്പുമാക്കൽ മേപ്പതുശ്ശേരി റോഡ് റീ ടാറിംഗ് കരാറുകാരൻ- പി.എൻ. | 8 | വില 1904/- ജി.എസ്.ടി 18%- 343/- |

| | | | |
|---|---|---|---|
| | സുധാകരൻ, പാറശ്ശേരിൽ | | |
| 2 | 184/19<br>മാനത്തൂർ വല്യാത്ത് റോഡ് റീടാറിംഗ്<br>കരാറുകാരൻ- പി.എൻ. സുധാകരൻ, പാറശ്ശേരിൽ | 5 | വില 1190/-<br>ജി.എസ്.ടി 18% -214/- |
| | ആകെ | | 3094+557 ജി.എസ്.റ്റി |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/18.12.2019) മറുപടി ലഭ്യമാക്കിയതിൽ ബാരൽവിലയും ജി.എസ്.റ്റിയും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നതാണ് എന്ന് അറിയിച്ചു. 3094 രൂപ ബാരൽവിലയും 557 രൂപ ജി.എസ്.ടി യും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 വാളികുളം കോളനി കുടിവെള്ള പദ്ധതി- പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം. 195/19

അടങ്കൽ- 775000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-150000+ തനത് ഫണ്ട്- 125000+ ബ്ലോക്ക് വിഹിതം-500000)

ചെലവ്- 501953 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-150000+ ബ്ലോക്ക് വിഹിതം- 351953)

കടനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം കിണർ പുനരുദ്ധാരിക്കുന്നതിനും പമ്പ് ഹൗസ്, വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ എന്നിവ സ്ഥാപുക്കുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. തൻവർഷം കിണർ പുനരുദ്ധാരണം പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഒന്നാം പാർട്ട് ബില്ലിൽ 501953 രൂപയുടെ മൂല്യം നിർണ്ണയിച്ച് തുക ചെലവഴിച്ചിട്ടുണ്ട്.
തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം/ ചെക്ക് നം | തുക | ഫണ്ടിനം |
|---|---|---|
| 29/18-19/ 29.09.2018 | 150000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 1355659/26.11.2018 | 54211 | ബ്ലോക്ക് വിഹിതം |
| 1355660/26.11.2018 | 297742 | ബ്ലോക്ക് വിഹിതം |
| ആകെ | 501953 രൂപ | |

രണ്ടാം പാർട്ട് ബില്ലിൽ 164580 രൂപയുടെ മൂല്യം നിർണ്ണയിച്ചിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തിയാക്കിയിട്ടില്ല. തൻവർഷ പ്രോജക്ടിൽ മോട്ടോർ, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്ക്

പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നുമില്ല. കുടിവെള്ള പദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് 2019-20 പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. കുടിവെള്ള പദ്ധതി ജലവിതരണം സാദ്ധ്യമാകുന്ന രീതിയിൽ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 കൊല്ലപ്പള്ളി ടൗണിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം- ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ട് നം. 200/19( 177/18)

അടങ്കൽ- 1630000 രൂപ (വികസന ഫണ്ട്- 1148600 + ശുചിത്വമിഷൻ ഫണ്ട്- 481000 )

ചെലവ്- 1411957 രൂപ (വികസന ഫണ്ട്- 1148600+ ശുചിത്വമിഷൻ ഫണ്ട്-263357 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2018-19 ൽ സ്പിൽ ഓവറായി തുടർന്ന് വന്നതാണ് മേൽ പ്രോജക്ട്. കൊല്ലപ്പള്ളിയിലുള്ള മാർക്കറ്റിൽ 12.4mx9.9m അളവിലുള്ള ഷീറ്റ് റൂഫിംഗ് ഷെഡും 5 യൂണിറ്റ് എയിറോബിക് കമ്പോസ്റ്റ് യൂണിറ്റും ജൈവമാലിന്യം പൊടിച്ച് സംസ്കരിക്കുന്നതിനുള്ള മെഷിനറികളും സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. മാർക്കറ്റിൽ ഉണ്ടാകുന്നതും പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കുന്നതുമായ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. അക്രഡിറ്റഡ് ഏജൻസിയായ IRTC മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിനെയാണ് നിർമ്മാണച്ചുമതല ഏൽപ്പിച്ചത്. 20.3.2018 ൽ IRTC കരാറിലേർപ്പെട്ടു (കരാർ നം. 90/AE/LSGD/KDND/17-18/ 20.3.2018). പ്രോജക്ട് നിർവ്വഹണത്തിനായി IRTC യ്ക്ക് താഴെപ്പറയും വിധം രൂപ നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം/ വർഷം | നൽകിയ തുക | ബിൽ നം/ ചെക്ക് നം | ഫണ്ടിനം |
|---|---|---|---|
| 177/18<br>2017-18 | 326000 | | വികസന ഫണ്ട് |
| 200/19<br>2018-19 | 326000 | 25/18-19/9.7.18 | വികസന ഫണ്ട് |
| 200/19<br>2018-19 | 326000 | 27/18-19/21.8.18 | വികസന ഫണ്ട് |
| 200/19<br>2018-19 | 170600 | 28/18-19/21.8.18 | വികസന ഫണ്ട് |
| 200/19<br>2018-19 | 155400 | ചെക്ക് നം. 0907016/12.10.18 | ശുചിത്വമിഷൻ ഫണ്ട് |
| 200/19<br>2018-19 | 107957 | ചെക്ക് നം. | ശുചിത്വമിഷൻ ഫണ്ട് |

| | | | |
|---|---|---|---|
| ആകെ | 1411957 | | |

കെട്ടിടനിർമ്മാണം, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, മെഷിനറി എന്നിവ സ്ഥാപിച്ച് 1533263 രൂപയുടെ ഫൈനൽ ബിൽ IRTC ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്ലാന്റിലേക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെ മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇക്കാര്യം അതീവ ഗൗരവത്തോടെ പരിഗണിക്കേണ്ടതും മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 മാലിന്യം നിക്ഷേപിക്കുന്നത് നിരീക്ഷിക്കുന്നതിനായി വിവിധ വാർഡുകളിൽ ക്യാമറ സ്ഥാപിക്കൽ - പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 204/19 |
| ചെലവ് | 98638(തനത് ഫണ്ട്) |
| ചെക്ക് നം | 51801065/30-03-19 - 48638 രൂപ<br>51800602/09-11-18 - 50000 രൂപ |

പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ വാർഡ് 09, വാർഡ് 12 എന്നിവിടങ്ങളിൽ 22/03/18 ന് സോളാർ പാനൽ ഉള്ള 6 ക്യമറകൾ (4 എണ്ണം കൊല്ലപ്പള്ളി S വളവ്, 2 എണ്ണം തോണിക്കുഴി പാലം ഭാഗം) സ്ഥാപിക്കാൻ ടെണ്ടർ നടപടിയിലൂടെ SAR ടെക്നോ, പാലാ എന്ന സ്ഥാപനത്തിന് 22/03/18 ന് അനുവാദം നൽകി. ക്യാമറകൾ സ്ഥാപിക്കുകയും നെറ്റ് കണക്ഷനായി 11938 രൂപ (ചെക്ക് നം. 51800423/ 24.09.18) തനത് ഫണ്ടിൽ നിന്നും പ്രോജക്ട് മുഖേനയല്ലാതെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചുവടെ ചേർക്കുന്ന കാരണങ്ങളാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. ക്യാമറകളുടെ പ്രവർത്തനം നിരീക്ഷിക്കൽ, പരിപാലനം എന്നിവയ്ക്കായി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.
2. ക്യാമറയിൽ ദൃശ്യങ്ങൾ കൃത്യമായി പതിയുന്നില്ലെന്നും രാത്രിയിൽ മാലിന്യം നിക്ഷേപിക്കാനെത്തുന്ന വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് ക്യാമറയിൽ പതിയാത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ കഴിയുന്നില്ലെന്നും ഇത് സംബന്ധിച്ച് എക്സിറ്റ് കോൺഫെറൻസിൽ നടന്ന ചർച്ചയിൽ ഭരണസമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടു.
3. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ വൻതോതിൽ മാലിന്യം നിക്ഷേപിച്ചു വരുന്നതായി 20/12/19 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

ഈ സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് വ്യക്തമാണ്. ക്യാമറകൾ സ്ഥാപിച്ചു നൽകിയ SAR ടെക്നോ, പാലാ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചു നൽകുവാൻ ഭരണസമിതി സ്ഥാപനത്തിനോട് അടിയന്തിരമായി ആവശ്യപ്പെടേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-25 വിവിധ കോളനികളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 130/19 |
| ചെലവ് | 2.5 ലക്ഷം (ശുചിത്വ മിഷൻ വിഹിതം) |
| ചെക്ക് നം / തീയതി | 51801081/31-03-19 |

പഞ്ചായത്തിലെ നാല് കോളനികളിലായി ജൈവ മാലിന്യ സംസ്കരണത്തിനായി തുമ്പൂർമൂഴി മോഡൽ കംപോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് നിർവഹണ ഏജൻസിയായ IRTC, മുണ്ടൂരിന് (ആകെ പ്രോജക്ട് വകയിരുത്തലായ 12.5 ലക്ഷത്തിന്റെ 20% ) 2.5 ലക്ഷം രൂപ കൈമാറി. പ്രവൃത്തി പൂർത്തീകരണ വിവരം / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 2.5 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-26 തെരുവ് വിളക്ക് സംരക്ഷണം - പുതിയ തെരുവ് വിളക്കുകൾ പൂർണ്ണമായും സ്ഥാപിച്ചതിന്റെ വിവരം ലഭ്യമായില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 86/19 |
| ചെലവ് | 1,50,470 (13 -ാം ധനകാര്യ കമ്മീഷൻ അവാർഡ്)<br>ബിൽ നം - 23/21.01.19 |

പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പാലാ ഇലക്ട്രിക്കൽസിൽ നിന്നും 835 എൽ ഇ ഡി ബൾബുകൾ (ബൾബ്, അനുബന്ധ ഉപകരണങ്ങൾ ഇവ 180/- രൂപ നിരക്കിൽ) മേൽ പ്രോജക്ട് പ്രകാരം വാങ്ങി. പ്രവൃത്തി നിർവഹണത്തിനായി തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കുന്നതിന് ലേബർചാർജ് നൽകൽ എന്ന പ്രോജക്ട് (246/19) (ഒരു തെരുവ് വിളക്കിന് 118 രൂപ നിരക്കിൽ ) ഉം നടപ്പാക്കി. എന്നാൽ 793 ബൾബുകൾ മാത്രമേ മാറ്റി സ്ഥാപിച്ചിട്ടുള്ളു. അവശേഷിക്കുന്ന 42 ബൾബുകൾ ഉപയോഗപ്പെടുത്തിയതിന്റെ വിവരവും നീക്കം ചെയ്യപ്പെട്ട കേടായ തെരുവ് വിളക്കുകൾ കരാറുകാരൻ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതിന്റെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/18-12-19) തെരുവ് വിളക്കുകൾ പൂർണ്ണമായും മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾ പൂർണ്ണമായി മാറ്റി സ്ഥാപിച്ചതിന്റെയും കേടായ തെരുവ് വിളക്കുകൾ നീക്കം ചെയ്യപ്പെട്ടതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. 42 തെരുവ് വിളക്കുകൾ സ്ഥാപിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 7560 (180 x 42) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 സോളാർ തെരുവ് വിളക്കുകൾ - കരാർ വ്യവസ്ഥ പാലിച്ചിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 203/19 |
| ചെലവ് | 223000( 13 -ാം ധനകാര്യ കമ്മീഷൻ) – ബിൽ നം - 32/18-03-19<br>267000 (തനത് ഫണ്ട്)<br>(ചെക്ക് നം 51801030/2203-19)<br>ആകെ - 490000 |

പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

1. 14 വാർഡുകളിലും ഓരോ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കാൻ അമ്മിണി സോളാർ സിസ്റ്റംസ് മായി 12-03-18 ൽ കരാറിലേർപ്പെട്ടു. കരാർ പ്രകാരം 45 ദിവസത്തിനുള്ളിൽ തെരുവ് വിളക്കുകൾ സപ്ലൈ ചെയ്യേണ്ടിയിരുന്നു. എന്നാൽ 19-01-2019 ന മാത്രമാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിരിക്കുന്നത്.

2. സെക്രട്ടറി 28/01/19 ന് അമ്മിണി സോളാർ സിസ്റ്റംസിന് നൽകിയ കത്തിൽ വിളക്കുകൾക്ക്

പ്രകാശം കുറവാണെന്ന പരാതിപ്പെട്ടിരുന്നു. അപാകത പരിഹരിച്ചതിന്റെ വിവരം ലഭ്യമായില്ല

3. പ്രോജക്ടിന്റെ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

ക്രമ നം.2 ൽ സൂചിപ്പിച്ചിട്ടുള്ള അപാകത പരിഹരിച്ചിട്ടുള്ളതാണെന്നുള്ള മറുപടി (എൻക്വയറി നം - 04/18-12-19) സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രോജക്ട് നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങൾ സെക്രട്ടറിയും മോണിട്ടറിംഗ് സമിതിയും കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

## 1-28 വിവിധ നിക്ഷേപ പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയ വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം/കൈപ്പറ്റ് രസീത് എന്നിവ ലഭ്യമായിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.5.4(5) പ്രകാരം സംയുക്ത/ നിക്ഷേപ പ്രോജക്ടുകളിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിനു മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ എല്ലാ പ്രോജക്ട് ഫയലുകളിലും കരാറിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ട് | തുക | റിമാർക്സ് |
|---|---|---|
| 156/19 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ | 353347 (വികസന ഫണ്ട് -പൊതു വിഭാഗം)<br>217844 (13 -ാം ധനകാര്യ കമ്മീഷൻ)<br>ആകെ - 5,71,191<br>ബിൽ നം -14/31-10-18, 15/31-10-18, 24/21-01-19 | കരാർ, പൂർത്തീകരണ വിവരങ്ങൾ ഇല്ല |
| 157/19 വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം | 140000 (വികസന ഫണ്ട് -പൊതു വിഭാഗം)<br>ബിൽ നം - 7/26-7-18 | വിശദമായ എസ്റ്റിമേറ്റ്, കരാർ, പൂർത്തീകരണ വിവരങ്ങൾ ഇല്ല |
| 240/19 കൊട്ടാരം കോളനി കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതകണക്ഷൻ | 65856 (വികസന ഫണ്ട് -പൊതു വിഭാഗം-3276, 13 th CFC - 50000 തനത് ഫണ്ട് -10000, ഗുണ.വിഹിതം-2580) ബിൽ നം - 29/22-02-19, ബിൽ നം-30/22.02.19, ചെക്ക് നം - 51800893/22.02.19, ചെക്ക് നം - 51800894/22.02.19 | കരാർ, പൂർത്തീകരണ വിവരങ്ങൾ ഇല്ല |

| | | |
|---|---|---|
| 241/19 എലിവാലി മേരിലാന്റ് കണ്ടത്തിമാവ് വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 99592 (13 th CFC) ബിൽ നം - 35/21-03-19 | കരാർ , പൂർത്തീകരണ വിവരങ്ങൾ ഇല്ല |
| 02/19 ഐകെഎം വിഹിതം നൽകൽ | 57373 (വികസന ഫണ്ട് -പൊതു വിഭാഗം) ബിൽ നം - 3/22-05-18 | കൈപ്പറ്റ് രസീത് ലഭ്യമായില്ല |
| ആകെ | 934012 | |

വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണവിവരം/കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ ചെലവഴിച്ച 934012 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-29 ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിനായി കൈമാറിയ തുക നാളിതു വരെ ചെലവഴിച്ചിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |
| പ്രോജക്ട് നം | 40/19 |
| ചെലവ് | 1 ലക്ഷം (വികസന ഫണ്ട്, പൊതു വിഭാഗം)<br>ബിൽ നം - 2/31.07.18 |

ആശ്രയ രണ്ടാം ഘട്ട പ്രോജക്ടിലുൾപ്പെട്ട രണ്ട് ഗുണഭോക്താക്കൾക്കുള്ള വീട് പുനരുദ്ധാരണത്തിനായി ഒരു ലക്ഷം രൂപ സി.ഡി.എസ് ചെയർപേഴ്സൺന്റെ കേരളാ ഗ്രാമീൺ ബാങ്ക് കടനാട് ശാഖയിലെ 40618101026050 അക്കൗണ്ടിലേയ്ക്ക് 02/07/18 ൽ കൈമാറി. എന്നാൽ നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. പ്രസ്തുത കാലഘട്ടത്തിൽ അഗതി രഹിത കേരളം പദ്ധതി തുടങ്ങിയതിനാൽ തുക ചെലവഴിക്കാൻ സാധിച്ചില്ലെന്നും, 2020 മാർച്ചിനുള്ളിൽ തുക ചെലവഴിക്കുന്ന വിധം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും സി.ഡി.എസ് ചെയർപേഴ്സൺ ഓഡിറ്റ് എൻക്വയറിക്ക് (നം- 2/16-12-19) മറുപടി ലഭ്യമാക്കി. നിലവിൽ തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ സി.ഡി.എസ് ചെയർപേഴ്സൺന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയ ഒരു ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-30 ലൈഫ് ഭവനപദ്ധതി - അവലോകനം

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടുള്ളത്. 2018-19 ൽ 41 പേർ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ആയതിൽ 36 പേർ പൊതു വിഭാഗത്തിലും, 3 പേർ പട്ടികജാതി വിഭാഗത്തിലും 2 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. ലൈഫ് മിഷൻ ഭവനനിർമ്മാണത്തിനായി തൻ വർഷം ഹഡ്കോയിൽ നിന്നും വായ്പയിനത്തിൽ 74,58,126 രൂപ ലഭിച്ചിട്ടുള്ളത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

പൊതുവിഭാഗത്തിൽ 26 ഗുണഭോക്താക്കളും, പട്ടികജാതി വിഭാഗത്തിൽ 1 ഗുണഭോക്താവും, പട്ടികവർഗ്ഗ വിഭാഗത്തിലെ 1 ഗുണഭോക്താവും ഉൾപ്പെടെ ആകെ 28 പേർ തൻവർഷം ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പൂർത്തീകരിച്ച ഘട്ടം | ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ലിന്റൽ വരെ പൂർത്തീകരിച്ചവർ | 3 |
| മേൽക്കൂര വരെ പൂർത്തീകരിച്ചവർ | 10 |

ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 അഗതി രഹിത കേരളം - പദ്ധതി

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും അവസാനിപ്പിച്ച് 2018-19 ൽ മൂന്നാം ഘട്ടമായ അഗതി രഹിത കേരളം പദ്ധതി പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലെ അക്കൗണ്ട് പ്രകാരം ചെലവഴിക്കാതെ അവശേഷിച്ചിരുന്ന വികസന ഫണ്ട്, ചലഞ്ച് ഫണ്ട് തുകകൾ മൂന്നാം ഘട്ടത്തിനായി ആരംഭിച്ച കേരളാ ഗ്രാമീൺ ബാങ്ക്, കടനാട് ബ്രാഞ്ചിലെ അക്കൗണ്ടിൽ (a/c no-40618101035) നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | വികസന ഫണ്ട് (ഉൾപ്പെടെ) | ചലഞ്ച് ഫണ്ട് (പലിശ ഉൾപ്പെടെ) | പലിശ | ആകെ |
|---|---|---|---|---|
| ഒന്നാംഘട്ടം | 373124 | 235504 | 518203 | 1126831 |
| രണ്ടാംഘട്ടം | 419306 | 386461 | 130194 | 935961 |
| ഒട്ടാകെ | | | | 2062792 |

അഗതി രഹിത കേരളം പദ്ധതിയുടെ 2018-19 വരവു ചെലവ് കണക്ക് ചുവടെ ചേർക്കുന്നു. (30.09.2019 വരെ)

| | |
|---|---|
| ഒന്ന്, രണ്ട് ഘട്ടങ്ങളിൽ നിന്നുള്ള വരവ് | 2062792 |
| മറ്റിനം | 6715 |

| | |
|---|---|
| ആകെ | 2069507 |
| ചെലവ്, ഭക്ഷണം | 1140805 |
| നീക്കിയിരിപ്പ് | 928702 |

ഭക്ഷണത്തിന് മാത്രമാണ് മൂന്നാം ഘട്ടത്തിൽ തുക ചെലവഴിച്ചിരിക്കുന്നത്. സമൂഹത്തിൽ ഏറ്റവും ദുർബലാവസ്ഥയിലുള്ള അഗതികളെ സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാൻ ഉതകുന്ന പ്രോജക്ടുകൾ വിവിധ മേഖലകളിലായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല

സെന്റ് ജോസഫ് ഹൈസ്കൂൾ, മാനത്തൂർ, എന്ന സ്ഥാപനത്തിന്റെ നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് അനുമതിയില്ലാതെ ഒന്നും രണ്ടും നിലകളിലായി നിർമ്മിച്ചിട്ടുള്ള 874.22 ച.മീ വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി മാനേജർ, സെന്റ് ജോസഫ് ഹൈസ്കൂൾ, മാനത്തൂർ 23.5.2018 തീയതിയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ക്രമവൽക്കരണ ഫീസ് ഈടാക്കാതെ നമ്പർ നൽകിയതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/21.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർണ്ണമായും ക്രമവൽക്കരിച്ച് നൽകേണ്ട 'വാസഗൃഹം' എന്ന ഗണത്തിൽപ്പെടാത്ത ടി സ്ഥാപനത്തിൽ നിന്നും ക്രമവൽക്കരണ ഫീസായി 13,113/- രൂപ (874.22 x 15) ഈടാക്കാത്തത് മൂലമുള്ള നഷ്ടത്തിന് സെക്രട്ടറി ശ്രീ. രാജീവ്. എസ്. ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 തുരുത്ത് കുടിവെള്ളപദ്ധതിക്ക് മോട്ടറും പൈപ്പ് ലൈനും- പൈപ്പ് ലൈൻ സ്ഥാപിക്കാതെ തുക നൽകി-29500 രൂപയുടെ നഷ്ടം

പ്രോജക്റ്റ് നം. 188/19

അടങ്കൽ- 128500 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്- 128500 രൂപ (ബിൽ നം. 19/18-19/ 13.6.18 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

കടനാട് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഒരു കുടിവെള്ള പദ്ധതിയാണ് തുരുത്ത് കുടിവെള്ളപദ്ധതി. ടി പദ്ധതിക്ക് ഒരു സ്റ്റാന്റ് ബൈ പമ്പ് സെറ്റും 62m നീളത്തിൽ 40mm

വ്യാസമുള്ള CPVC പൈപ്പും സ്ഥാപിക്കുന്നതിനുമാണ് പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ശ്രീ മനോജ് റ്റി. ജി. തുണ്ടിയിൽ എന്ന കരാറുകാരനാണ്. ടിയാൻ ക്വോട്ട് ചെയ്തത് നിരക്ക് താഴെ ചേർക്കുന്നു.

| ഇനം | നിരക്ക് |
|---|---|
| 5HP open well submercible pump | 99000 |
| 40mm dia CPVC 62m | 29500 |

എം ബുക്ക് നം. 68/17-18 പേജ് 1ൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ 6HP പമ്പ് സെറ്റ് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണുന്നു. പേജ് നം 2ൽ ബിൽ തയ്യാറാക്കിയിരിക്കുന്നതിൽ പമ്പ് സെറ്റ് സ്ഥാപിച്ചതിന് മാത്രം 128500 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. പമ്പ് സെറ്റ് മാത്രം സ്ഥാപിക്കുന്നതിന് അനുവദിക്കാവുന്ന മൂല്യം ടിയാൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം 99000 രൂപയാണ്. അതായത് പൈപ്പ് ലൈൻ സ്ഥാപിക്കാതെ ആയതിനുള്ള മൂല്യം കണക്കാക്കി തുക നൽകിയതായി കാണുന്നു. ആയത് ക്രമപ്രകാരമല്ല. അധികം നൽകിയ തുക 29500 രൂപ (128500- 99000). അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ1-ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ അധികം നൽകിയ തുക 29500 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. പൈപ്പ് ലൈൻ സ്ഥാപിക്കാതെ ആയതിനുള്ള മൂല്യം കണക്കാക്കി നൽകിയ 29500 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം തുക ചെലവഴിച്ചതിന് അസി. എഞ്ചിനീയർ ശ്രീമതി. ഗ്രീഷ്മ ജി. ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## 3-2 കരാറുകാരൻ ക്വോട്ടു ചെയ്തതിലും അധികം തുക അനുവദിച്ചു- 6107 രൂപയുടെ അധികച്ചെലവ്

പ്രോജക്ട് നം. 74/19 (നീലൂർ നിരപ്പ് അംഗൻവാടി മെയിന്റനൻസ് )

അടങ്കൽ- 225000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ് - 224902 രൂപ (ബിൽ നം. 52/18-19/ 29.12.2018 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ തിരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ ശ്രീ സാബു കുര്യൻ, മുതിരേന്തിക്കൽ ക്വോട്ടു ചെയ്ത തുക 218795 രൂപയാണ്. എന്നാൽ ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ 224924 രൂപ മൂല്യം നിർണ്ണയിച്ച് ടെണ്ടർ വ്യതിയാനം 22 രൂപ (.01%) കുറവ് ചെയ്തതിനുശേഷം 224902 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറുകാരൻ ക്വോട്ടു ചെയ്തതിലും 6107 രൂപ (224902-218795) അധികം ചെലവഴിച്ചതിന്റെ സാഹചര്യം ഓഡിറ്റിൽ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ അധികം നൽകിയ 6107 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരൻ ക്വോട്ടു ചെയ്തതിലും അധികം നൽകിയ 6107 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇപ്രകാരം അധികം തുക ചെലവഴിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനീയർ ശ്രീമതി. ഗ്രീഷ്മ ജി.

ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.05.19, 21.05.19 | കെ.എസ്.എ.കെ.ടി.എം.പി7/776/2019 തീയതി 4.06.19 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 14.06.2018 | 200000 | പാലിയേറ്റിവ് കെയർ | 200000 | 0 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 13.08.2018 | 1020985 | ലൈഫ് ഭവന പദ്ധതി - ജനറൽ | 1020985 | 0 |
| 3. | ബ്ലോക്ക് പഞ്ചായത്ത് | 13.08.2018 | 800000 | ലൈഫ് ഭവന പദ്ധതി - എസ്.സി | 560000 | 240000 |
| 4. | ബ്ലോക്ക് പഞ്ചായത്ത് | 13.08.2018 29.09.2018 16.01.2019 | 302000 | ലൈഫ് ഭവന പദ്ധതി - എസ്.റ്റി | 302000 | 0 |
| 5. | ബ്ലോക്ക് പഞ്ചായത്ത് | 27.06.2018 | 324039 | മാറ്റത്തിപ്പാറ ഹോളിക്രോസ് യു.പി.എസ് കോമ്പൗണ്ടിൽ ടോയ്‌ലറ്റ് | 316514 | 7525 |
| 6. | ബ്ലോക്ക് പഞ്ചായത്ത് | 30.06.2018 | 261785 | മേരിലാന്റ് താന്നിക്കര കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | 180189 | 81596 |

| | | | | | | |
|---|---|---|---|---|---|---|
| 7. | ബ്ലോക്ക് പഞ്ചായത്ത് | 30.06.2018 | 153397 | അരീക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | 153397 | 0 |
| 8. | ബ്ലോക്ക് പഞ്ചായത്ത് | 30.06.2018 | 209818 | അനുഗ്രഹ കുടിവെള്ള പദ്ധതി പൂർത്തീകരണം | 209818 | 0 |
| 9. | ബ്ലോക്ക് പഞ്ചായത്ത് | 31.10.2018 | 400000 | കുറുമണ്ണ് വരകിൽ രണ്ടുമാവ് ഇഞ്ചികാവ് കുടിവെള്ള പദ്ധതി | 0 | 400000 |
| 10. | ബ്ലോക്ക് പഞ്ചായത്ത് | 09.10.2018 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 100000 | 0 |
| 11. | ബ്ലോക്ക് പഞ്ചായത്ത് | 17.01.2018 | 500000 | വാളികുളം കോളനി കുടിവെള്ള പദ്ധതി | 351953 | 148047 |
| 12. | ബ്ലോക്ക് പഞ്ചായത്ത് | 17.01.2018 | 160000 | കുറുമണ്ണ് എലിവാലി എന്നീ വാർഡുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 70000 | 90000 |
| 13. | ജില്ല പഞ്ചായത്ത് | 22.09.2018 | 672936 | ലൈഫ് ഭവന പദ്ധതി - ജനറൽ | 672936 | 0 |
| 14. | ജില്ല പഞ്ചായത്ത് | 22.09.2018 | 79874 | ലൈഫ് ഭവന പദ്ധതി - എസ്.റ്റി | 79874 | 0 |
| 15. | ജില്ല പഞ്ചായത്ത് | 20.03.2019 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| 16. | ജില്ല പഞ്ചായത്ത് | 27.03.2019 | 200000 | മണിയാക്കുമ്പാറ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ | 171535 | 28465 |
| 17. | ജില്ല പഞ്ചായത്ത് | 27.03.2019 | 500000 | നൂറുമല കുടിവെള്ള പദ്ധതി പൂർത്തീകരണം | 0 | 500000 |

| | | | | | | |
|---|---|---|---|---|---|---|
| 18. | ജില്ല പഞ്ചായത്ത് | 22.09.2018 | 150237 | ലൈഫ് ഭവന പദ്ധതി - എസ്.സി | 0 | 150237 |
| 19. | ജില്ല പഞ്ചായത്ത് | 27.03.2019 | 500000 | കുറുമണ്ണ് വരകിൽ രണ്ടുമാവ് ഇഞ്ചികാവ് കുടിവെള്ള പദ്ധതി ഒന്ന്, രണ്ട് ഘട്ടം | 0 | 500000 |
| 20. | ജില്ല പഞ്ചായത്ത് | 21.03.2019 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 300000 | 0 |
| | ആകെ | | 6985071 | | 4839201 | |

ക്രമ നം. 11, 12 എന്നീ പദ്ധതികൾക്ക്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ തുക ലഭിച്ചിരുന്നുവെങ്കിലും, ടി പദ്ധതികൾ സ്പിൽ ഓവറായി ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2018-19 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ | ബിൽ നം : 14/31-10-18 15/31-10-18 24/21-01-19 | 571191 | 0 | 571191 |
| കെ.എസ്.ഇ.ബി | കൊട്ടാര കോളനി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ | ബിൽ നം : 29/22-02-19 30/22.02.19<br><br>ചെക്ക് നം : 51800893/22.02.19 51800894/22.02.19 | 65856 | 0 | 65856 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കെ.എസ്.ഇ.ബി | മെരിലാന്റ് കണ്ടത്തിമാവ് വാർഡുകളിൽ സ്ലീറ്റ് ലൈൻ വലിക്കൽ | ബിൽ നം : 35/21-03-19 | 99592 | 0 | 99592 |
| ഭൂജല വകുപ്പ് | വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം | ബിൽ നം : 7/26-7-18 | 140000 | 0 | 140000 |
| എസ്.എസ്.എ | എസ്.എസ്.എ വിഹിതം | 21800492/30.102018 | 400000 | 0 | 400000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | --- | --- | 74,58,940 | --- | --- | 74,58,940 |

ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി, കോട്ടയം ജില്ല സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട്, വാർഷിക ധനകാര്യ പത്രിക ബി-5 ഷെഡ്യൂൾ പ്രകാരം

1,74,973/- രൂപ വായ്പയിനത്തിൽ ബാധ്യതയായി നിലനിൽക്കുന്നു. എന്നാൽ സ്ഥാപനത്തിൽ പരിപാലിച്ചുവരുന്ന വായ്പ രജിസ്റ്റർ, മറ്റനുബന്ധ രേഖകൾ എന്നിവ പ്രകാരം, തുക തിരിച്ചടവാക്കി വായ്പ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 401450 |
| തൻവർഷം നിക്ഷേപിച്ച തുക | 34125 |
| ആകെ | 435575 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 435575 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കടനാട് സർവ്വീസ് സഹകരണ ബാങ്ക് | 435575 |
| ആകെ | 435575 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./തീയതി | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2009-10 & 2010-11 | എൽഎഫ്.കെ.പി7/991/12/ 11.01.13 | 3-5ബി | 17,806/- | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, ചെത്തിമറ്റത്തിൽ വീട്, വഞ്ചിമല പി.ഒ., കാഞ്ഞിരപ്പള്ളി - 686508 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 7,84,08,610 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,18,67,901 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | 13113 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 35607 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1041572 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 13113 | | ശ്രീ. രാജീവ് എസ്. സെക്രട്ടറി |
| 3-1 | | 29500 | ശ്രീമതി. ഗ്രീഷ്മ ജി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 6107 | ശ്രീമതി. ഗ്രീഷ്മ ജി. അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **13113** | **35607** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 7560 | ശ്രീ. സജിത് മാത്യൂസ്, സെക്രട്ടറി |
| 1-28 | 934012 | ശ്രീ. സജിത് മാത്യൂസ്, സെക്രട്ടറി |
| 1-29 | 100000 | ശ്രീമതി. ഷീജാമോൾ. കെ, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **1041572** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഗ്രീഷ്മ ജി, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കടനാട് | ഗീതാഭവൻ, ഗവ. മോഡൽ HSS ന് സമീപം, ഭക്തകല, തിരുവനന്തപുരം- |

| | | |
|---|---|---|
| | | 695141 |
| ശ്രീ രാജീവ് എസ്, സെക്രട്ടറി | | ശിവപ്രസാദം വീട്, മരിയൻകുളങ്ങര, കിഴക്കേനട, വൈക്കം |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1976-77 | എൽ.എഫ്.കെ.പി2/3428/78/16.01.79 | 5 |
| 1977-78 | എൽ.എഫ്.കെ.പി.5/335/80/16.04.80 | 5 |
| 1978-79 | എൽ.എഫ്.കെ.പി.5/2655/80/06.12.81 | 5 |
| 1980-81 | എൽ.എഫ്.കെ.പി5/1766/82/29.01.83 | 5 |
| 1998-99 | കെഎസ്എ.കെടിഎം.പി.7/78(അദാ.2018)/221/(2)/18/ 06.03.18 | 4 |
| 1999-2000 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(3)/18/ 06.03.18 | 2 |
| 2000-01(plan) | കെഎസ്എ.കെടിഎം.പി.7/706/03/10.01.05 | 12 |
| 2000-01(full) | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(3)/18/ 06.03.18 | 2 |
| 2001-02 (full) | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(5)/18/ 06.03.18 | 1 |
| 2002-03 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(6)/18/ 06.03.18 | 1 |
| 2003-04 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(7)/18/ 06.03.18 | 8 |
| 2004-05 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(8)/18/ 06.03.18 | 6 |

| | | |
|---|---|---|
| 2005-06 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/ 221/(9)/18/ 06.03.18 | 3 |
| 2006-07 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/ 221/(10)/18/ 06.03.18 | 4 |
| 2007-08 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/ 221/(11) /18/ 06.03.18 | 8 |
| 2008-09 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/ 221/(12)/18/06.03.18 | 9 |
| 2009-10 & 2010-11 | കെഎസ്എ.കെടിഎം.പി.7/1492/2013/ 07.06.14 | 3 |
| 2011-12 & 2012-13 | കെഎസ്എ.കെടിഎം.പി.7/1112/15/ 17.10.15 | 11 |
| 2013-14 & 2014-15 | കെഎസ്എ.കെടിഎം.പി.7/38/17/19.05.17/ 02.06.17 | 16 |
| 2015-16 | കെഎസ്എ.കെടിഎം.പി.7/1611/17/ 28.11.17 | 7 |
| 2016-17 | കെഎസ്എ.കെടിഎം.പി.7/1549/2017/ 10.11.17 | 11 |
| 2017-18 | കെഎസ്എ.കെടിഎം.പി.7/2197/2018/ 13.03.2019 | 11 |

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ.-കെ.ടി.എം.പി.7/1958/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 29.01.2020**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **കടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം**